# സ്വാതന്ത്ര്യലബ്ധിക്കു ശേഷം

## (ഒരു പുനർവായന – 1985)

വർഗീസ് ഏബ്രഹാം ഡെൻവർ

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യം...! ശതാബ്ദങ്ങളായ് വിദേശീയാധിപത്യത്തിന്റെ നുകത്തിൻ കീഴിൽ അമർന്നു, ആ നുകം ഇനിയും പേറാൻ മാനസീക ശാരീരിക ത്രാണിയില്ലാതെ കിടന്ന ജനം സടകുടഞ്ഞു ചാടിയെണീറ്റു. ലോകരെല്ലാവരും ഉറ്റു നോക്കുകയായി...! അതായത് ജംബുദ്വീപത്തിൽ ഒരു ജനാധിപത്യം പിറക്കുന്നു.

വിദേശീയരുടെ പിന്മാറ്റത്തോടു കൂടി ഇന്ത്യയിൽ ജനാധിപത്യം പിറക്കാൻ തുടങ്ങി. പലതും 'ബ്രീച്ച് പ്രസന്റേഷനാ'യിട്ടാണു കലാശിച്ചത്. പല 'ശിശുകങ്ങളും' സൂര്യപ്രകാശം കാണുന്നതിനു മുമ്പേ അകാലമൃത്യുവിനടിമയായി, ചിലതു ചാപിള്ളയായി. സ്വാതന്ത്ര്യത്തിന്റെയും, ജനാധിപത്യത്തിന്റെയും ആവേശത്തിൽ പാർട്ടികൾ ജനിച്ചു. ജന്തുശാസ്ത്രത്തിൽ 'ബൈനറി ഫിഷൻ' എന്ന പ്രക്രിയയിലൂടെ പ്രജനനം നടത്തുന്നപോലെ പാർട്ടികൾ വിഭജിച്ചു, വിഭജിച്ചു ഒരു പാർട്ടിക്ക് ഒരു നേതാവും ഒരു അണിയും എന്നപോലെയായ്.

ഇന്നിതെഴുതുമ്പോൾ ഇന്ത്യയിൽ, പ്രത്യേകിച്ച് കേരളത്തിൽ എത്ര പാർട്ടികൾ ജനിച്ചു എന്നു ആർക്കെങ്കിലും പറയാൻ പറ്റുമോ? പാവങ്ങൾക്കൊരു പാർട്ടി, പണക്കാർക്കൊരു പാർട്ടി അതിനകത്തു തന്നെ കാലുവാരൽ പാർട്ടി, കാലുമാറൽ പാർട്ടി, അച്ഛൻ പാർട്ടി, മകൻ പാർട്ടി... ശ്ശൊ, പിന്നെ വലതൻ, ഇടതൻ, കിഴക്കൻ, പടിഞ്ഞാറൻ, തെക്കൻ, വടക്കൻ... ഒറ്റ പാർട്ടിയിൽ തന്നെ ഇംഗ്ലീഷിന്റെ അക്ഷരമാലയിലെ 'ഏ' മുതൽ 'സെഡ്' വരെ ഉള്ള വിഭാഗങ്ങൾ!

ഈ പാർട്ടികളെല്ലാം തന്നെ ജനങ്ങളെ ഉദ്ധരിക്കാൻ എന്ന താൽപര്യത്തോടെ ജന്മം കൊണ്ടു. സായിപ്പ് പൊടിയും തട്ടി പോയിട്ടു വർഷങ്ങളുമായി. എത്രനാളായി ഈ 'നാടുനന്നാക്കൽ' പരിപാടി തുടങ്ങിയിട്ട്? പാവപ്പെട്ടവന് ഇന്നും പട്ടിണിതന്നെ ശരണം. സമ്പന്നന്റെ തീൻമേശയിലേക്കു ഭക്ഷണം ഉണ്ടാക്കേണ്ട കർഷകൻ കടക്കെണിയിൽപ്പെട്ട് ആത്മഹത്യ ചെയ്യുകയാണ്. ആദിവാസികൾക്കുവേണ്ടി കേന്ദ്ര ഗവൺമെന്റു അനുവദിച്ച കോടികൾ കൊണ്ടു നേതാക്കൾ ജന്മികളായി. ആദിവാസികൾ അനീമിയ ബാധിച്ചു മരിച്ചു, അവന്റെ കുഞ്ഞുങ്ങൾ സൂര്യപ്രകാശം പോലും കാണാതെ ഗ്രഹണിയും ശൂലയും പിടിച്ചു മരിച്ചു. 'നമ്മൾ കൊയ്യും വയലുകളെല്ലാം നമ്മുടേതാകും പൈങ്കിളിയേ' എന്നു പാടിക്കൊടുത്തവർ ഇന്നു ചില്ലുമേടകളിൽ സുന്ദരസ്വപ്നം കണ്ടുറങ്ങുന്നു.

തൊഴിലാളി യൂണിയൻ, പാർട്ടി യൂണിയൻ ഇവയെല്ലാം അർത്ഥത്തിൽ ഒന്നാണെങ്കിലും പാവപ്പെട്ടവനെ തന്നെ ഞെക്കിപ്പിഴിഞ്ഞു നേതാക്കന്മാർ കീശ വലുതാക്കി. പാവപ്പെട്ടവനെ ചൂഷണം ചെയ്യുന്നവരിൽ നിന്നും രക്ഷിക്കുക എന്ന മുദ്രാവാക്യം മുഴക്കി ധാരാളം നേതാക്കന്മാർ മുമ്പോട്ടു വന്നു. അന്നും, ഇന്നും ചൂഷണം ചെയ്യപ്പെടുന്നവൻ പാവപ്പെട്ടവൻ തന്നെ!

വർഗ്ഗീയചൂഷണം, മതപരമായ ചൂഷണം, സാമുദായികപരമായ ചൂഷണം, പാർട്ടി ചൂഷണം... എല്ലാം ചൂഷണം, പക്ഷേ പലവിധം.

രാഷ്ട്രീയം സ്കൂളിൽ തുടങ്ങി വളർന്നു, വളർന്നു ഹൈസ്ക്കൂളിൽ കൊടുമ്പിരി കൊണ്ടു, ശക്തിയാർജ്ജിച്ചു കോളേജിൽ എത്തുന്നു. എത്ര കഷ്ടപ്പെട്ടിട്ടാണ് പലരും കുട്ടികളെ കോളേജു വരെ എത്തിക്കുന്നത്? നാലക്ഷരം പഠിച്ചു കണ്ടിട്ടു, അവൻ ഒരു നല്ല ജോലി കരസ്ഥമാക്കി തങ്ങൾക്കു പറ്റിയ പോലെ കഷ്ടപ്പെടാതെ ജീവിക്കുമല്ലോ എന്നുള്ള ആഗ്രഹം സാഫല്യമായി കണ്ടു കണ്ണടയ്ക്കുവാൻ ആഗ്രഹിച്ച എത്രയെത്ര മാതാപിതാക്കൾക്കു ഹൃദയവേദന മാത്രം സമ്മാനിച്ച സംഭവങ്ങൾക്കു പിന്നിൽ വിദ്യാർത്ഥി രാഷ്ട്രീയത്തിനു നല്ലൊരു പങ്കുണ്ട്. വിദ്യാർത്ഥിരാഷ്ട്രീയം നിയമം വഴി നിർത്തലാക്കുക!

ഇന്നു കേരളത്തിൽ എത്ര രാഷ്ട്രീയപാർട്ടികളുണ്ട്? ഇത് രാജ്യത്തെ നന്നാക്കലോ അതോ നേതാക്കന്മാരെ നന്നാക്കലോ? സ്വാർത്ഥതാൽപര്യങ്ങൾക്കു വേണ്ടി സാധാരണ മനുഷ്യന്റെ മനഃശാസ്ത്രം മനസ്സിലാക്കി, മനുഷ്യമനസ്സുകളിൽ ഭയത്തിന്റെ വിത്തുകൾ വിതറിക്കൊണ്ട്, അധികാരം കയ്യാളിക്കഴിയുമ്പോൾ ഈ അന്യോപജീവികൾ ചുവപ്പുനാടകളെ പഴിപറഞ്ഞുകൊണ്ട് തടിതപ്പുന്നു.

ഒരു കാലത്തു സ്വന്തമായി ഒന്നും, ഒരു ചില്ലിക്കാശു പോലും രാഷ്ട്രത്തെ സേവിക്കാനിറങ്ങിയതു നിമിത്തം, തങ്ങളുടെ കുഞ്ഞുങ്ങൾക്കു സമ്പാദിക്കാനാവാതെ തങ്ങൾ സ്നേഹിച്ച ശ്ലാഘ്യഭൂമിയോടു വിടപറഞ്ഞവരാണു പലരും. ഇന്നത്തെ നേതാക്കൾ സ്വാർജ്ജിത നേട്ടം മാത്രം മുമ്പിൽ കണ്ടുകൊണ്ടു രാഷ്ട്രീയത്തെ സ്വായത്തമാക്കിയവർ. ഒരുതുള്ളി വിയർപ്പുപോലും പൊടിയാതെ ഇന്നു കോടികൾ കൊയ്യാൻ പറ്റിയ മൂന്നു വിഭാഗങ്ങളാണു രാഷ്ട്രീയവും, മതവും, സിനിമയും-മനഃസാക്ഷിയില്ലായ്മ എന്ന ഒരേയൊരു ഘടകം മാത്രം മതി.

കേരളത്തിലാവട്ടെ കോൺഗ്രസ് ഭരിച്ചാലും കമ്മ്യൂണിസ്റ്റ് ഭരിച്ചാലും, ബി.ജെ.പി. ഭരിച്ചാലും ഉദാത്തമായ ഒരു നേട്ടമോ വ്യത്യാസമോ കാണാൻ കഴിയില്ല.

അധികാരവർഗ്ഗങ്ങൾ എല്ലാം ഒരു പാർട്ടിയിൽപ്പെട്ടവർ തന്നെ. പല പാർട്ടികൾ എന്ന മാദ്ധ്യമങ്ങളിലൂടെ ഉദ്ദിഷ്ടസ്ഥാനത്തു എത്തുന്നു എന്നുമാത്രം. ഇവരെല്ലാം പാവം ജനത്തെ ഇക്കിളിക്കൊള്ളിയ്ക്കാൻ പഠിച്ചവർ. 'ഉള്ളവൻ' ഭരിച്ചാലും 'ഇല്ലാത്തവൻ' ഭരിച്ചാലും ഭരണക്കസേരയിലിരിക്കുന്നവന് ജീവിതാർഭാടം ഒരേപോലെ. സ്ഥാനമോഹികളുടെ അധികാര വടംവലിയിൽപ്പെട്ടു ഒരു നല്ല ദേശവും, അതിലെ കുറെ സാധുജനങ്ങളും കബളിക്കപ്പെടുകയാണ്. ഈ സർക്കാർ അല്ലെങ്കിൽ അടുത്ത സർക്കാരെങ്കിലും ദേശത്തിനു നന്മ ചെയ്യും എന്നുള്ള പ്രത്യാശയിൽ കഴിയുന്ന ജനം മൃഗതൃഷ്ണ കണ്ടുകൊണ്ടു മുമ്പോട്ടു പോവുന്നു.

എന്റെ സ്നേഹിതൻ ഡോ. ഇമ്മാനുവേൽ തോമസിന്റെ ഭാവനയിൽ വന്ന ചില വരികൾ ഞാനിവിടെ കടമെടുക്കുകയാണ്.

> "........മുതലാളികളും തൊഴിലാളികളും
> നിലയുള്ളവരുമതില്ലാത്തവരും
> രാഷ്ട്രീയക്കാരവരും, പിന്നെ-
> ചോരൻമാരും, പട്ടിണിയാളും
> പലവിധ വിദ്യകളൊക്കെ കാട്ടി
> പണിയും പഠനവുമൊക്കെ മുടക്കി

കേരളനാട്ടിൽ ബഹളം കൂട്ടി
ഉയരാനൊരു തരമില്ലാതാക്കി

..............................................................

ന്യായം നീതിയുമൊച്ചപ്പാടും
കൊടിയും, നക്സലുമെല്ലാം കൂടി
ഭരണം പലതു കഴിഞ്ഞെന്നാലും
കേരളനാട്ടിന്നില്ലൊരു മോക്ഷം..."

ഈ ആയിരം പാർട്ടികളെ സന്തോഷിപ്പിച്ചു അവരവരുടെ ഇംഗിതത്തിനു വഴങ്ങി വരുമ്പോഴേക്കും ഒരു യുഗം കൂടി കഴിയുകയായി. ഇന്നു ഒരു പാർട്ടിപോലും ന്യായമായ ക്ഷേമങ്ങൾ അന്വേഷിച്ചു, പ്രശ്നങ്ങൾ പരിഹരിച്ചു ജനങ്ങളെ പ്രീതിപ്പെടുത്താൻ ഉണ്ടായിട്ടില്ല. ഇന്ത്യയിൽ ഇന്നു പ്രത്യേകിച്ചു യഥാർത്ഥ രാഷ്ട്രീയക്കാർ ഇല്ല; പ്രത്യുത രാഷ്ട്രീയം കളിക്കുന്നവർ മാത്രം. രാഷ്ട്രീയത്തിന്റെ മറവിൽ, സ്ഥാപിത സ്വാർത്ഥ താൽപര്യങ്ങൾക്കായി മാത്രം ജനങ്ങളുടെ പണം നിർദ്ദാക്ഷിണ്യം ദുർവിനിയോഗം ചെയ്യുന്നതിൽ യാതൊരു സങ്കോചവുമില്ല. രാഷ്ട്രീയവും, മതവും, സിനിമയും ഇന്നു ഒരുവക കുടുംബസ്വത്തു പോലെയായി. റുമേനിയയിലെ ചച്ചാസ്ക്കോയെ ഇത്തരുണത്തിൽ രാഷ്ട്രീയക്കാർ ഒന്നോർക്കുന്നതു നന്നായിരിക്കും. ശ്രീമാൻ ഒ. വി. വിജയന്റെ വാക്കുകളിൽ പറഞ്ഞാൽ "മനുഷ്യന്റെ അയുക്തിത സ്വഭാവത്തിന്റെ വേലിയേറ്റവും വേലിയിറക്കവുമായി രാഷ്ട്രീയം ഇന്നു നിലകൊള്ളുന്നു". ഇന്ത്യൻ രാഷ്ട്രീയം ഒരു 'കീമോതെറാപ്പി' കൊണ്ടോ ഒരു 'റേഡിയേഷൻ തെറാപ്പി' കൊണ്ടോ ഭേദപ്പെടുത്താൻ മേലാത്ത ഒരുവക അർബുദ രോഗമായി മാറിയിരിക്കുന്നു. ഒരുകാലത്തെങ്കിലും ഈ രാഷ്ട്രീയകപടത മനസ്സിലാക്കിയ ജനം ഉണർന്നെണീറ്റു ജനരോഷത്തിന്റെ വിഷം നിറഞ്ഞ ഫണമുയർത്തി ആഞ്ഞുകൊത്തും.

രണ്ടോ മൂന്നോ പാർട്ടികൾ മാത്രം ആ രാജ്യത്തിനു മതി എന്ന് നിയമം മൂലം ഈ കലപില നിയന്ത്രിക്കാൻ ജനാധിപത്യത്തിന്റെ നിഘണ്ടുവിൽ വല്ല പഴുതുകളുമുണ്ടോ? പുരോഗമനവാദികൾ, മിതവാദികൾ, ഭീകരവാദികൾ, തീവ്രവാദികൾ, വിമതവാദികൾ, വിമുഖവാദികൾ, തിരുത്തൽവാദികൾ, പ്രചണ്ഡവാദികൾ, വിതണ്ഡവാദികൾ, പിന്നെ വളരുംതോറും പിളരുകയും, പിളരുംതോറും നാടു തളർത്തുകയും ചെയ്യുന്ന സ്പ്ലിന്റർവാദികൾ...! ഹൊ, ഇത്രമാത്രം വാദികൾ ആ കൊച്ചുകേരളത്തിനു താങ്ങാവുന്നതിലും അപ്പുറമാണ്. ഇവരെല്ലാം കൂടി വർഷങ്ങളോളം ആ രാജ്യത്തെ ഇട്ടു അമ്മാനമാടി. പരിണിതഫലമോ ജനങ്ങൾ ദാരിദ്ര്യത്തിൽ മുങ്ങിക്കുളിച്ചു. രാജ്യത്തിന്റെ നന്മയെ നിസ്സംഗതയോടെ നോക്കിക്കണ്ടു കിട്ടിയ തക്കം പാഴാക്കാതെ തങ്ങൾക്കും, തങ്ങളുടെ കുടുംബങ്ങൾക്കും സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തുക എന്ന ഏക ഉദ്ദേശ്യത്തോടെ രാഷ്ട്രീയം കൈക്കലാക്കിയവർ.

ഇന്ത്യയ്ക്കു സ്വാതന്ത്ര്യം കിട്ടിയെന്നു ചിന്തിക്കുമ്പോൾ ബ്രിട്ടീഷുകാരിൽ നിന്നും അഥവാ വിദേശീയരിൽ നിന്നും മാത്രം സ്വാതന്ത്ര്യം കിട്ടി എന്നേ ആവുന്നുള്ളൂ. ചൂഷണക്കാരായ രാഷ്ട്രനേതാക്കളുടെ കയ്യിൽ നിന്നും സ്വാതന്ത്ര്യം ലഭിക്കാതെ അവരുടെ 'ചിന്നംവിളി' കേട്ട് പേടിച്ചു പാവം ജനം ഇന്നും ഒരുതരം അടിമത്വത്തിലേക്കു വലിച്ചിഴയ്ക്കപ്പെടുകയാണ്.

ഇന്ത്യയെപ്പോലെ പ്രാചീന സംസ്ക്കാരങ്ങളുടെ കലവറ എന്ന ഓമനപ്പേരിൽ അറിയപ്പെട്ടി

ട്ടുള്ളതും, ധാരാളം മസ്തിഷ്ക മല്ലന്മാർക്കു ജന്മം നൽകിയതും, ധാരാളം പുണ്യാത്മാക്കളുടെ പാദസ്പർശനമേറ്റതുമായ ധന്യമായ വേറൊരു രാജ്യമുണ്ടോ എന്ന സംശയമാണ്.

രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം ഇന്ത്യയുമായ് താരതമ്യപ്പെടുത്തുമ്പോൾ, തുലോം ചെറിയ രാജ്യമായ ജപ്പാന്റെ പുരോഗതി എത്രയോ അസൂയാർഹമാണ്? വർഷങ്ങളായുള്ള വിദേശീയ മേൽക്കോയ്മയുടെ തിക്താനുഭവങ്ങളിൽ നിന്നുള്ള നീരസം കൊണ്ടോ എന്തോ ഇന്ത്യ പാശ്ചാത്യരുടെ മനോമുകുരത്തിൽ ജന്മം കൊണ്ട ക്രിയാത്മകവും, പ്രായോഗികവുമായ പദ്ധതികൾ പാടെ നിഷേധിച്ചു, ഓരോ പരീക്ഷണവും, പദ്ധതികളും പ്രയോഗിച്ചിട്ടും സ്വയം പര്യാപ്തത നേടാതെ ഇന്നും തേഡ് വേൾഡിന്റെ പട്ടികയിൽ തന്നെ കിടക്കുന്നു. ഒരിക്കൽ അന്തർരാഷ്ട്ര നാണയനിധിക്ക് ഏറ്റവും വലിയ കടക്കാരൻ കൂടിയായിരുന്നു ഇന്ത്യ. ആയിരത്തിത്തൊള്ളായിരത്തി എഴുപത്തിയാറിൽ ഗിന്നസ് വേൾഡു റെക്കാഡിൽ സ്ഥാനം പിടിക്കത്തക്കവണ്ണം ഒരു വലിയ കടത്തുക കൈമാറ്റം ചെയ്തതു പ്രസ്തവ്യം ആണല്ലോ?

ബുദ്ധിജീവികൾക്കെല്ലാം അവരവരുടെ പരീക്ഷായോഗ്യതകൾക്കു അർഹമായ തൊഴിൽ കൊടുക്കാൻ മാർഗ്ഗം ഇല്ല. ഫലമോ, നാട്ടിൽ പിറന്ന 'ക്രീം ഓഫ് ദ ക്രോപ്പ്' ആയ ഉദ്യോഗാർത്ഥികൾ കൂടുതൽ കൂടുതൽ മെച്ചമായ മേച്ചിൽപുറങ്ങൾ തേടി രാജ്യം വിടുകയാണ്. അങ്ങനെ രാജ്യത്തിനു ലഭ്യമാവേണ്ട വിലയേറിയ സംഭാവനകൾ, സേവനങ്ങൾ എന്നെന്നേക്കുമായി നഷ്ടപ്പെടുകയാണ്.

ആഗോളവത്ക്കരണത്തിന്റെയോ, ഉദാരവത്ക്കരണത്തിന്റെയോ ഉപചയപൂർണ്ണമായ ചില മാറ്റങ്ങൾ ദൃശ്യമായി വരുന്നതു ആശാവഹമാണ്. സാമ്പത്തിക ഉദാരവത്ക്കരണം അമേരിക്കയുടെ 'ജാരസന്തതി' യാണന്നുള്ള ഭൂരിപക്ഷം ഇന്ത്യാക്കാരുടെയും മനോഭാവത്തിൽ അല്പം മാറ്റം വന്നപോലെ. ഇന്ത്യ ഒരേ കുടക്കീഴിൽ നിരക്കേണ്ട ആവശ്യം കഴിഞ്ഞകാലങ്ങളിലേക്കാളും അനിവാര്യമായിരിക്കുകയാണ് ഇന്ന്.

വിവിധ ഭാഷകളും, മതങ്ങളും, വംശങ്ങളും, പാർട്ടികളും ഉൾക്കൊള്ളുന്ന ഇന്ത്യയ്ക്ക് അവരവരുടെ ഭാഷയ്ക്കും, മതത്തിനും, വംശത്തിനും മാത്രം ഉതകുന്നതായ രീതിയിൽ പാർട്ടികൾ പ്രായോഗികമല്ല. അങ്ങനെ വന്നാൽ കൊച്ചു കൊച്ചു രാജ്യങ്ങളായി വിഭാഗിച്ചുകിട്ടാൻ വാദിക്കില്ലെന്നാരു കണ്ടു. ഖാലിസ്ഥാൻ വാദം ഇന്നും കെട്ടണഞ്ഞിട്ടില്ല

ജാതിയുടെ പേരിൽ, മതത്തിന്റെ പേരിൽ, രാഷ്ട്രീയത്തിന്റെ പേരിൽ രാജ്യത്തെ കീറിമുറിയ്ക്കാനുള്ള പ്രവണതയാണോ ഇന്നു കണ്ടുതുടങ്ങിയിരിക്കുന്നത്? ഛിദ്രവാസന മാത്രം മുതൽക്കൂട്ടായി രാജ്യത്തിന്റെ നന്മയെ ദീർഘദൃഷ്ടിയോടെ കാണാതെയുള്ള നിസംഗപ്രതിലോമ പ്രവണതകൾ നിയമം മൂലം ഇല്ലാതാക്കേണ്ട സമയം അമ്പേ വൈകിയിരിക്കുന്നു. അതിനു തന്റേടമുള്ള, നട്ടെല്ലുള്ള ഒരു നേതൃത്വം മുമ്പോട്ടു വന്നിരുന്നെങ്കിൽ...?

***************